**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5766** **08-07-2024 - ൽ മറുപടിയ്ക്ക്**

**അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പാലിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (എ) | പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ വിൽപ്പന ശാലകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നുണ്ട്.<br><br>ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട, മട്ട (ഉണ്ട) അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.<br><br>വിപണി ഇടപെടൽ പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 16-02-2024- തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പരിഷ്കരിക്കുകയുണ്ടായി. ഇതുമൂലം കൂടുതൽ |

ജനങ്ങളിലേയ്ക്ക് മുടക്കം കൂടാതെ സബ്സിഡി ആനുകൂല്യം എത്തിക്കുവാൻ സാധിക്കും.

കൂടാതെ പൊതു വിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 21-02-2024 മുതൽ നിലവിലുണ്ടായിരുന്ന മുളകിന്റെ സബ്സിഡി വില അര കി.ഗ്രാമിന് 82/- രൂപ എന്നത് 29-05-2024 തീയതിയിലെ സ.ഉ.(സാധാ)നം.129/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് അര കി.ഗ്രാമിന് 75/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 01-06-2024 മുതൽ പ്രസ്തുത വില നിലവിൽ വന്നു.

സബ്സിഡി സാധനങ്ങളുടെ വില, ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് എന്നീ വിവരങ്ങൾ അനുബന്ധം **I** ആയി ചേർക്കുന്നു.

പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.

ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.

ശബരി കെ- റൈസ് (ജയ അരി) – 1 കി.ഗ്രാമിന് 29 രൂപ

ശബരി കെ- റൈസ് (കുറുവ അരി) – 1 കി.ഗ്രാമിന് 30 രൂപ

ശബരി കെ- റൈസ് (മട്ട അരി) – 1 കി.ഗ്രാമിന് 30 രൂപ

നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.<br><br>ഉത്സവകാലത്ത് പൊതു വിപണിയിൽ ഉണ്ടാകാനിടയുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടി സപ്ലൈകോ പ്രത്യേക ഫെയറുകൾ നടത്തി വരുന്നു. ഉത്സവകാലത്ത് കൂടുതൽ അവശ്യ സാധനങ്ങൾ വാങ്ങി അവ സപ്ലൈകോ വിൽപ്പന ശാലകൾ വഴി മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു.<br>ഇതിനു പുറമേ ഉത്സവകാലങ്ങളിൽ ഫെയറുകളിലും സപ്ലൈകോ വിൽപ്പന ശാലകളിലും സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട ശബരി ഉൽപ്പന്നങ്ങൾക്കും എഫ്.എം.സി.ജി. ഉത്പ്പന്നങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട്/ ഓഫറുകൾ നൽകിവരുന്നു.<br><br>സപ്ലൈകോ സ്വീകരിച്ച ഈ നടപടികൾ മൂലം പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. |
| (ബി) | പൊതുവിപണിയിൽ ഇടപെടുന്നതിന് മതിയായ ഫണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് കുടിശികയിനത്തിൽ നൽകാനുള്ളതെന്ന് അറിയിക്കുമോ; | (ബി) | എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റിൽ പൊതു വിപണിയിടപെടൽ പദ്ധതിക്കായി ഒരു നിശ്ചിത തുക വകയിരുത്താറുണ്ട്. അതിൽ നിന്നും സപ്ലൈകോയ്ക്ക് തുക അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. അതിനു പുറമെ ആവശ്യമെങ്കിൽ അധികധനാനുമതി വഴിയും ഫണ്ട് അനുവദിച്ച് നൽകാറുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ പൊതു വിപണിയിടപെടൽ പദ്ധതിക്കായി **205** കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്**. 2023-24** സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ **190.80** കോടി രൂപ മുഴുവനായും അനുവദിച്ചിട്ടുണ്ട്**.** കൂടാതെ അധിക ധനാനുമതിയായി **200** കോടി രൂപ കൂടി വകയിരുത്തി നൽകിയിട്ടുണ്ട്. നിലവിൽ വിപണിയിടപെടൽ പദ്ധതി നടപ്പിലാക്കിയ വകയിൽ **2024 മെയ് വരെ** സപ്ലൈകോയ്ക്ക് **1451.85** കോടി രൂപയാണ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളത് |
| (സി) | സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2024 ഫെബ്രുവരി 20 വരെ സബ്സിഡി ഉല്പന്നങ്ങൾക്ക് 2016 |

| | | | |
|---|---|---|---|
| | വില വർദ്ധിക്കുകയുണ്ടായോ; എങ്കിൽ 2023 മെയ് മാസം മുതൽ നാളിതുവരെ സബ്സിഡി സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോന്നിനും എത്ര ശതമാനം വർദ്ധനയുണ്ടായെന്നും അറിയിക്കാമോ; | | മുതൽ പ്രാബല്യത്തിലുള്ള നിരക്കുകൾ തന്നെ തുടർന്നു. എന്നാൽ 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് സപ്ലൈകോ പരിഷ്കരണത്തിനായി നിയോഗിച്ച നിയമിച്ച വിദഗ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 16-02-2024- തീയതിയിലെ സ.ഉ.(കൈ) നം.3/2024/F&CS നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 13 ഇനം സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. കൂടുതൽ ജനങ്ങൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുവാൻ ഇത് മൂലം സാധിക്കുന്നതാണ്. പൊതു വിപണിയിലെ വില വ്യതിയാനങ്ങൾക്ക് അനുസൃതമായി സബ്സിഡി വിലയും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പൊതു വിപണിയിൽ മുളകിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ 21-02-2024 മുതൽ നിലവിലുണ്ടായിരുന്ന മുളകിന്റെ സബ്സിഡി വില അര കി.ഗ്രാമിന് 82/- രൂപ എന്നത് 29-05-2024 തീയതിയിലെ സ.ഉ.(സാധാ)നം.129/2024/F&CS നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് അര കി.ഗ്രാമിന് 75/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. 01-06-2024 മുതൽ പ്രസ്തുത വില നിലവിൽ വന്നു.<br><br>സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ പരിഷ്കരിച്ച വിൽപ്പന വിലയും പഴയ വിലയും തമ്മിലുള്ള താരതമ്യം അനുബന്ധം II ചേർക്കുന്നു. |
| (ഡി) | പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | **പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ വഴി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നം. | ഇനം | സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ )* | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്. | | | |

***സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ സബ്സിഡി നിരക്കിലുള്ള 500 മില്ലി ലിറ്ററും സബ്സിഡി ഇതര 500 മില്ലി ലിറ്ററും ഒറ്റ പായ്ക്കറ്റിലാക്കിയാണ് നൽകി വരുന്നത്. ആയതിന്റെ2024 ജൂലൈ മാസത്തെ വിൽപ്പന വില 142.80 രൂപയാണ് .**

# അനുബന്ധം II

| ക്രമ നം. | ഇനം | പഴയ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. ഉൾപ്പെടെ) രൂപ | നിലവിലെ സബ്സിഡി വിൽപ്പന വില (ജി.എസ്.റ്റി. ഉൾപ്പെടെ) രൂപ | വർദ്ധനവ് (രൂപ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 74 | 92 | 18 | 24% |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 66 | 95 | 29 | 44% |
| 3 | വൻകടല ( 1 കി.ഗ്രാം ) | 43 | 69 | 26 | 60% |
| 4 | വൻപയർ ( 1 കി.ഗ്രാം ) | 45 | 75 | 30 | 67% |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 65 | 111 | 46 | 71% |
| 6 | മുളക് ( 500 ഗ്രാം ) | 37.5 | 78.75 | 41.25 | 110% |
| 7 | മല്ലി ( 500 ഗ്രാം ) | 39.5 | 40.95 | 1.45 | 4% |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 22 | 28.35 | 6.35 | 29% |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ )* | 46 | 57.75 | 11.75 | 26% |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 25 | 29 | 4 | 16% |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 25 | 30 | 5 | 20% |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 24 | 30 | 6 | 25% |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 23 | 26 | 3 | 13% |